**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1002** 10.06.2019-ലെ മറുപടി

**കുപ്പിവെള്ള വിപണിയുടെ നിയന്ത്രണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മുല്ലപ്പള്ളി രത്നാകരൻ** | | **കെ. കൃഷ്ണൻകുട്ടി** (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വിപണി ശക്തി പ്രാപിക്കുന്ന സാഹചര്യത്തിൽ അനിയന്ത്രിതമായ ജലചൂഷണം തടയുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; | എ) & ബി) | സംസ്ഥാനത്ത് ഭൂജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള നിർമ്മാണ കമ്പനികൾക്ക് അതത് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂജല അതോറിറ്റിയാണ് അനുമതി നൽകി വരുന്നത്. നിലവിൽ സുരക്ഷിതമെന്ന് കണ്ടെത്തിയിരിക്കുന്ന ബ്ലോക്കുകളിൽ നിന്നുള്ള പ്രൊപ്പോസൽ മാത്രമാണ് പരിഗണിച്ചു വരുന്നത്. ഭൂജല അതോറിറ്റിയുടെ അനുമതിയില്ലാതെ ഭൂജലം ഉപയോഗപ്പെടുത്തി ചില കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി അതോറിറ്റിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ടി കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകളെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് 28-ാമത് ഭൂജല അതോറിറ്റി ബോർഡ് യോഗം തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ അനുവദിച്ചുള്ള ലൈസൻസ് പുതുക്കി നൽകുന്നതിന് സംസ്ഥാനഭൂജല അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി) നിർബന്ധമാക്കിയിട്ടുണ്ട്. |
| ബി) ഇതിൻ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയാമോ ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ